
വോള്യം 5 ലക്കം 111 ജനുവരി 2023 ഇംഗ്ലീഷ് - മലയാളം


# ഫിലിം വിഷൻ


filca
FILM LOVERS CULTURAL ASSOCIATION

## യുദ്ധവിരുദ്ധ പ്രമേയം ആസ്പദമാക്കിയുള്ള ലോകസിനിമാ ക്ലാസ്സിക്കുകൾ

2023 ജനുവരി 22 ഞായർ ലെനിൻ ബാലവാടി ആഡിറ്റോറിയത്തിൽ
(വഴുതക്കാട്, ടാഗോർ തിയേറ്ററിനു സമീപം)







**Filca**
in association with
State Central Library, Palayam, Trivandrum,
Beam Film Society, Trivandrum
and
Sathyajith Rai Film Society, Kerala

വോള്യം 5 ലക്കം 111 ജനുവരി 2023 ഇംഗ്ലീഷ് - മലയാളം

# ഫിലിം വിഷൻ

## Message



**സജി ചെറിയാൻ**
മത്സ്യബന്ധനം, സാംസ്കാരികം,
യുവജനകാര്യം വകുപ്പ് മന്ത്രി
കേരള സർക്കാർ

തിരുവനന്തപുരം
തീയതി 11.01.2023

**ആശംസ**

ഇരുപത്തിനാലാം വാർഷികത്തിലേക്ക് പ്രവേശിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റി 2023 ലെ പ്രതിമാസ ക്ലാസിക് ചലച്ചിത്രോത്സവം ജനുവരി 22 ന് ആരംഭിക്കുന്നതിന് എല്ലാവിധ ആശംസകളും നേരുന്നു.

ഫിൽക്കയുടെ ഫിലിം മാസികയായ ഫിലിം വിഷൻ ജനുവരി മുതൽ ഡിജിറ്റൽ രൂപത്തിൽ പ്രസിദ്ധീകരിച്ചു തുടങ്ങുന്നു എന്നറിയുന്നതിൽ സന്തോഷം. സിനിമകളെ കുറിച്ചുള്ള ലളിതമായ മലയാളം നിരൂപണങ്ങൾ ഫിലിം വിഷൻ മാഗസിനിൽ ഉൾപ്പെടുത്തുന്നത് പ്രേക്ഷകർക്ക് ആ ചിത്രങ്ങളെ പരിചയപ്പെടാനും ആസ്വദിക്കാനും ഉപകരിക്കട്ടെ. ചലച്ചിത്രോത്സവത്തിനും ഫിലിം വിഷൻ മാസികയ്ക്കും ഭാവുകങ്ങൾ നേരുന്നു.

വിശ്വസ്തതയോടെ,

സജി ചെറിയാൻ

ഓഫീസ് : റൂം നമ്പർ 401, നാലാം നില,
ഗവൺമെന്റ് സെക്രട്ടേറിയറ്റ് അനക്സ്-1, തിരുവനന്തപുരം-695 001

വോള്യം 5 ലക്കം 111 ജനുവരി 2023 ഇംഗ്ലീഷ് - മലയാളം

# ഫിലിം വിഷൻ

**22 Sunday January 2023**

**Lenin Balavadi Auditorium**

## Screening Program

**9:15 AM**

ROME ,OPEN CITY /Dir. Roberto Rossellini/
Italian film / 1945/105 Min.




**11:15 AM**



Inauguration of monthly festival -2023,
Website and Digital Magazine
by Hon'ble Minister Adv.G.R.Anil

**11:40 AM**

THE CRANES ARE FLYING/Dir. Mikhail Kalatozov /
Russian film / 1957/ 97 Min.



**2:30 PM**

ASHES AND DIAMONDS/Dir. Andrzej Wajda /
Polish film / 1958/105 Min.



**4:30 PM**

HIROSHIMA MON AMOUR/ Dir. Alain Resnais /
French film / 1959 /92 Min



ഫിലിം
വിഷൻ

# യുദ്ധ–വിരുദ്ധ ചലച്ചിത്ര യുദ്ധങ്ങൾ

**സാബു ശങ്കർ**
(ജനറൽ സെക്രട്ടറി, ഫിൽക്ക ഫിലിം സൊസൈറ്റി)

ഫിൽക്ക ഫിലിം സൊസൈറ്റി 2023 ജനുവരിയിൽ പ്രദർശിപ്പിക്കുന്ന 4 സിനിമകൾ യുദ്ധവിരുദ്ധ പ്രമേയം ആസ്പദമാക്കിയുള്ളതാണ്. മനുഷ്യരാശിയുടെ ചരിത്രത്തിൽ ഏറ്റവും സങ്കീർണ്ണമായ മൂന്നു വിപത്തുകളാണ് - പ്രകൃതിദുരന്തം, മഹാമാരി, യുദ്ധം എന്നിവ. ആധുനിക ലോകത്തു നടന്ന രണ്ട് മഹായുദ്ധങ്ങൾ മനുഷ്യചരിത്രത്തെ തന്നെ മാറ്റി മറിച്ചു. ലോകത്തെ നിയന്ത്രിക്കുന്ന സാമ്പത്തിക ശക്തികളുടെ പിടിവലിയിൽ നിന്നാണ് രണ്ടു യുദ്ധങ്ങളുടെയും തുടക്കം. അതിൽ ദേശീയത, പൗരത്വം , ജനാധിപത്യം, വംശീയത, സ്വാതന്ത്ര്യം എന്നിവ കൂടി കലർന്നതോടെ യുദ്ധത്തിന്റെ രാഷ്ട്രീയം മനുഷ്യാവസ്ഥയിൽ മാരകമായ മുറിവുകൾ ഏൽപ്പിച്ചു . അപ്പോഴും പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും മനുഷ്യാവകാശത്തിന്റെയും രോദനങ്ങൾ ലോകം കേട്ടു . മാനവികത കലാഹൃദയങ്ങളിലും തത്വശാസ്ത്രത്തിലും പ്രത്യാശയുടെ മഴവില്ല് വിടർത്തി. ബോധരൂപമായ കലയിൽ , പ്രത്യേകിച്ച് ചലച്ചിത്രകലയിൽ നൂതനമായ സൗന്ദര്യ വിസ്ഫോടങ്ങളുണ്ടായി . വിശ്വസിനിമയുടെ ചരിത്രത്തിൽ എക്കാലവും ആസ്വദിക്കപ്പെടുന്ന ,ചർച്ചചെയ്യപ്പെടുന്ന 4 സിനിമകൾ സമകാലിക സംഘർഷ ലോകരാഷ്ട്രീയ പരിതസ്ഥിതിയിൽ ഏറെ പ്രസക്തമായ ഓർമ്മപ്പെടുത്തലുകൾ കൂടിയാണ് .

# ഫിലിം വിഷൻ

## 9:15 A M

## ROME, OPEN CITY

### റോം, ഒരു തുറന്ന നഗരം

### റോബർട്ടോ റൊസ്സേലിനി / ഇറ്റാലിയൻ / 1945 / 105 മിനിറ്റ്

1943 ഓഗസ്റ്റ് 14 ന് ശേഷം നാസി - ഫാസിസ്റ്റ് അധീശത്വത്തിൽ നിന്ന് വിമോചിതമായ റോം, ഒരു തുറന്ന നഗരം എന്ന് സൂചിപ്പിക്കുന്നതാണ് ശീർഷകം . 1945 -ൽ നിർമ്മിച്ച 'റോം ഓപ്പൺ സിറ്റി'യുടെ സംവിധായകൻ - റോബർട്ടോ റൊസ്സേലിനി. ഈ സിനിമയുടെ തിരക്കഥാകൃത്തുക്കൾ - റോബർട്ടോ റൊസ്സേലിനി , ഫ്രെഡറിക്കോ ഫെല്ലിനി, സെലസ്റ്റ നഗർവില്ലെ എന്നിവർ.

നാസിയുടെ ഗസ്റ്റപ്പോ എന്ന പോലീസ് വിഭാഗം റോം നഗരത്തിൽ തങ്ങളുടെ എതിരാളികളെ തിരയുകയാണ് . നാസി - ഫാസിസ്റ്റ് വാഴ്ചയ്ക്കെതിരെ പോരാടുന്ന സംഘത്തിലെ നേതാവ് ജോർജിയോ മാൻഫ്രെഡി റോം നഗരത്തിൽ നിന്ന് ഡോൺ പിയത്രോ എന്ന കത്തോലിക്കാ വൈദീകന്റെ സഹായത്തോടെ രക്ഷപെടാൻ ശ്രമിക്കുന്നതാണ് കഥാതന്തു .



# ഫിലിം വിഷൻ

റൊസ്സേലീനിയുടെ നിയോ റിയലിസ്റ്റ് ചലച്ചിത്ര ത്രയത്തിലെ ഒന്നാമത്തെ സിനിമയാണിത് . ഇറ്റാലിയൻ നവ യാഥാർത്ഥ്യ ധാരാ പ്രസ്ഥാനത്തിലെ ഏറ്റവും പ്രധാനപ്പെട്ട സിനിമയാണിത് . 1946 –ലെ കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓർ പുരസ്കാരം നേടി . പത്തൊമ്പതാമത് ഓസ്കാർ അക്കാദമി അവാർഡുകളിൽ മികച്ച അവലംബിത തിരക്കഥയ്ക്ക് നാമനിർദേശം ചെയ്യപ്പെട്ടു . 1942 നും 1978 നും മദ്ധ്യേ ഇറ്റലിയുടെ ചരിത്ര സ്മൃതിയിൽ സംരക്ഷിക്കപ്പെടാൻ തെരെഞ്ഞെടുത്ത 100 സിനിമകളിൽ ഒന്നായി 2008 –ൽ ഇറ്റാലിയൻ സാംസ്കാരിക പൈതൃക മന്ത്രാലയം ഈ ചിത്രത്തെ ഉൾപ്പെടുത്തിയിട്ടുണ്ട് .

സംവിധായകൻ റൊബർട്ടോ റൊസ്സേലിനി , തിരക്കഥാകൃത്ത് ഫ്രെഡറിക്കോ ഫെല്ലിനി , അഭിനേത്രി അന്ന മാഗ്നാനി എന്നിവർ വിശ്വ സിനിമയിൽ ശ്രദ്ധേയരായിത്തീർന്നു .

റോം നഗരത്തിൽ എത്തുന്ന നാസി സൈന്യം അന്വേഷണം നടത്തുന്നതോടെയാണ് ചിത്രം ആരംഭിക്കുന്നത് . എഞ്ചിനീയർ ജോർജിയോ മാൻഫ്രഡിനെ സൈന്യം തെരയുന്നു . ജോർജിയോ ഇവിടെയുണ്ടോ ? എവിടെപ്പോയി ? അയാളുടെ മുറിയും വീടിന്റെ ടെറസ്സും സൈന്യം പരിശോധിക്കുന്നു .നഗരത്തെ 14 ഭാഗങ്ങളായി തിരിച്ചിട്ടുണ്ട് . ചില ഭാഗങ്ങളിൽ പ്രതിരോധ പോരാളികളുടെ സംഘങ്ങൾ പ്രവർത്തിക്കുന്നു . അവിടെയെല്ലാം നാ



# ഫിലിം വിഷൻ

സി പോലീസ് തെരച്ചിൽ തുടരുകയാണ് റേഷൻ വിതരണമുള്ള സ്ഥലങ്ങളിൽ ഭക്ഷണത്തിനായി ആൾക്കൂട്ടമാണ് . ജോർജിയോ ഒരു എഞ്ചിനീയറും കമ്മ്യൂണിസ്റ്റുമാണ് . ജർമൻ നാസി സൈന്യം അയാളെ പിടികൂടാൻ ശ്രമിക്കുമ്പോൾ വീട്ടുടമസ്ഥൻ മുന്നറിയിപ്പ് നൽകുന്നു . അയാൾ മറ്റൊരു പ്രതിരോധ പോരാളിയായ ഫ്രാൻസെസ്കോയുടെ വീട്ടിലേക്കു ഒളിച്ചുകടക്കുന്നു .

ഗസ്റ്റപ്പോ ഓഫീസർ ചില ഫോട്ടോകൾ കാണിച്ച് ഫ്രാൻസെസ്കോയുടെ കാമുകി പീനോയെ കാണാൻ പോലീസിനെ നിയോഗിക്കുന്നു . പോലീസ് വഴിയിൽവെച്ച് പീനോയെ കാണുന്നുവെങ്കിലും ഫ്രാൻസെസ്കോയെ കുറിച്ച് വിവരമൊന്നുമില്ല.

ഫ്രാൻസെസ്കോയുടെ അപ്പാർട്ട്മെന്റിൽ എത്തുന്ന ജോർജിയോയെ ഒരു പോലീസുകാരനാണെന്നു കരുതി കരുതലോടെയാണ് പീനോ ഇടപെടുന്നത് .എന്നാൽ ജോർജിയോ പ്രതിരോധ പോരാട്ട സംഘത്തിലെ അംഗമാണെന്നു മനസിലായതോടെ പീനോ അയഞ്ഞു . മുറിയിലേക്ക് ക്ഷണിച്ചു . ഫാക്ടറി തൊഴിലാളിയായ അവൾ ഗർഭിണിയാണ് . നാസി നഗരത്തിൽ പ്രവേശിച്ചതോടെ ആ ഫാക്ടറി പൂട്ടി . പോരാട്ട സംഘത്തെ അനുകൂലിക്കുന്ന ഡോൺ പിയത്രോ എന്ന വൈദീകന്റെ സഹായം പീനോ വഴി ജോർജിയോ തേടുന്നു . നഗരത്തിനു പുറത്തു പ്രതിരോധ പോരാളികൾക്ക് സന്ദേശങ്ങളും പണവും കൈമാറുകയാണ് ലക്ഷ്യം .

അങ്ങനെ അടുത്ത ദിവസം ഫ്രാൻസെസ്കോയുടെയും പീനോയുടെയും വിവാഹമാണ് . യുദ്ധകാലത്തെ കല്യാണം. ഡോൺ പിയത്രോ ആണ് കാർമ്മികൻ . ഫ്രാൻസെസ്കോ ഒരു കമ്മ്യൂണിസ്റ്റുകാരനാണ് എന്ന് വൈദീകന് അറിയാം. അങ്ങനെ ഒരാളുടെ വിവാഹ കൂദാശ പള്ളിയിൽ വെച്ച് നടത്തുക വിശ്വാസ വിരുദ്ധമാണ് .മാത്രമല്ല പീനോ ഗർഭിണിയുമാണ്. വിശ്വാസ വിരുദ്ധമായി ജീവിക്കുന്ന രണ്ടു പേരുടെയും വിവാഹം പള്ളിയിൽ വെച്ച് തന്നെ നടത്തുവാൻ വൈദീകൻ സമ്മതിച്ചു. വൈദീകനിൽ പ്രതിഫലിക്കുന്നത് മതവിശ്വാസത്തേക്കാൾ കൂടുതൽ ദേശസ്നേഹമാണ്.

പീനോയുടെ മകൻ മർചെല്ലോ പള്ളിയിലെ അൾത്താര ബാലനാണ് . നാസി – ഫാസിസ്റ്റ് ഭരണത്തിനെതിരെ പോരാടുന്ന സംഘത്തിനായി ബോംബുകൾ സ്ഥാപിക്കുന്ന ഒരു യുവാവുമായി അവൻ സഹകരിക്കുന്നുണ്ട്. അവൻ വൈദീകനെയും

കൂട്ടി വീട്ടിലെത്തുന്നു . അങ്ങനെ ജോർജിയോ ഡോൺ പിയത്രോയെ കണ്ടുമുട്ടി.

പീനോയുടെ സഹോദരി ലോറയ്ക്കു ഒരു നൃത്തശാലയിലാണ് ജോലി . ജോർജിയോയുടെ കാമുകി മറീനയെ അവൾക്കറിയാം . രണ്ടുപേരും കാബറെ നർത്തികമാർ . മറീന ആഡംബരജീവിതത്തിനായി വേശ്യാവൃത്തിയിൽ ഏർപ്പെടുന്നവൾ കൂടിയാണ് . ബാറിലെത്തുന്ന നാസി തലവന്മാരുടെ സേവിക. നാസി കമാണ്ടർ മേജർ ബെർഗ്മാന്റെ പ്രിയങ്കരി . ബെർഗ്മാന്റെ ഭാര്യ മയക്കുമരുന്നിന് അടിമയായ ഇൻഗ്രിഡ് വഴിയാണ് മറീന മയക്കുമരുന്നിന് അടിമയായത് . മേജർ ബെർഗ്മാൻ കാബറെ നർത്തകിമാരിലൂടെ ജോർജിയോയുടെ വാസസ്ഥലം മനസിലാക്കുന്നു . ഇറ്റാലിയൻ പോലീസിന്റെ സഹായത്തോടെ ഫ്രാൻസെസ്കോയുടെ മുറികൂടിയുള്ള വലിയ കെട്ടിടം റെയ്ഡ് ചെയ്യുന്നു . അപ്പാർട്ട്മെന്റുകളിൽ താമസിക്കുന്ന നിരവധി പേരെ സൈന്യം അറസ്റ്റു ചെയ്യുന്നു .

എന്നാൽ ജോർജിയോ അവിടെനിന്നും തന്ത്രപൂർവം രക്ഷപെടുന്നു . പക്ഷെ നാസി - ഫാസിസ്റ്റ് സേന പിടികൂടിയ ഫ്രാൻസെസ്കോയെ പട്ടാളട്രക്കിൽ കൊണ്ടുപോകുന്നത് കണ്ടു പീനോ അലമുറയിട്ട് സേനയുടെ വലയം ഭേദിച്ച് പട്ടാള ട്രക്കിന്റെ പിന്നാലെ ഓടി . നാസി സൈന്യത്തിന്റെ വെടിയേറ്റ് അവൾ തെരുവിൽ മരിച്ചു വീഴുന്നു . മകൻ മർചല്ലോ ഓടിവന്നു ആ ശരീരത്തെ കെട്ടിപ്പിടിച്ചു കരഞ്ഞു . വൈദീകൻ ഡോൺ പിയത്രോ അവൾക്കു വേണ്ടി പ്രാർഥിക്കുന്നതോടെ ഒന്നാം ഭാഗം പൂർണ്ണമാകുന്നു .



നാസി സൈനികർ കെട്ടിടങ്ങളിൽ വസിച്ചിരുന്ന നിരവധി

# ഫിലിം വിഷൻ



പേരെ പട്ടാള ട്രാക്കുകളിൽ അറസ്റ്റു ചെയ്തു കൊണ്ടുപോകുമ്പോൾ പ്രതിരോധ രാഷ്ട്രീയ ഒളിപ്പോരാളികൾ സൈന്യത്തെ ആക്രമിക്കുന്നു. അങ്ങനെ അറസ്റ്റ് ചെയ്യപ്പെട്ടവിൽ ഏറെപ്പേരും ട്രക്കുകളിൽ നിന്ന് രക്ഷപ്പെടുന്നു . ഫ്രാൻസെസ്കോയും രക്ഷെപ്പെട്ട ജോർജിയോയെ കണ്ടെത്തുന്നു .അവർ രണ്ടുപേരും വൈദീകൻ ഡോൺ പിയത്രോയുടെ ആശ്രമത്തിലെത്തി . ഡോൺ പിയത്രോ അവർക്ക് ആശ്രമത്തിൽ ഒളിത്താവളമൊരുക്കി .

താമസിയാതെ അവിടെനിന്നും രണ്ടുപേരും മറ്റൊരു ഒളിത്താവളം തേടി പോകുന്നു .അവർ മറീന താമസിക്കുന്ന കെട്ടിടത്തിൽ രാത്രി ചെലവഴിക്കുന്നു . അതൊരു സത്രമാണ് . മറീനയുടെ മാറിമറിഞ്ഞ ജീവിതം അവർ മനസ്സിലാക്കി . അവൾ മയക്കുമരുന്ന് ഉപയോഗിക്കുന്നതിനെ ചൊല്ലി ജോർജിയോ ഗുണദോഷിച്ചു . അവർ തമ്മിൽ കലഹമായി . അവൾക്കു വിദ്വേഷമായി . അവൾ ഫ്രാൻസെസ്കോയെയും ജോർജിയോയെയും കുറിച്ച് നാസി പൊലീസിന് രഹസ്യവിവരം നൽകി .

പിറ്റേന്ന് രാവിലെ ജോർജിയോ , ഫ്രാൻസിസ്കോ , വൈദീകനായ ഡോൺ പിയത്രോ , കൂടാതെ അവിടെ എത്തിച്ചേർന്ന , വൈദീകവൃത്തി ഉപേക്ഷിക്കേണ്ടി വന്ന ഓസ്ട്രിയൻ എന്നിവരെ ഗസ്റ്റപ്പോ പിടികൂടുന്നു . നാസി സൈനിക ഓഫീസിൽ വെച്ച് മേജർ ബെർഗ്മാൻ തന്റെ പദ്ധതിയെ കുറിച്ച് ഇൻഗ്രിഡിനോട് വിവരിച്ചു . നേരം പുലരും മുൻപേ തടവിലാക്കിയവരിൽ നിന്നും വസ്തുതകൾ ശേഖരിക്കുക . പ്രതിരോധ പോരാട്ട സംഘത്തിനെ തകർക്കുക . അവരെ കുറിച്ചുള്ള രഹസ്യ പ്രവർത്തനത്തെ കുറിച്ചാണ് മേജർക്ക് അറിയേണ്ടത് . ഇൻഗ്രിഡ് മറീനയെ സ്വാധീനിക്കാൻ അ

# ഫിലിം വിഷൻ

വൾക്കു ഒരു രോമക്കുപ്പായവും മയക്കുമരുന്നും നൽകി പ്രീതിപ്പെടുത്തി . ഇതേസമയം തടവിലായ ജോർജിയോയിൽ നിന്നും കൂടുതൽ രഹസ്യങ്ങൾ മനസിലാക്കാൻ മേജർ ശ്രമം തുടങ്ങി . ശിക്ഷയിൽ നിന്ന് ഇളവ് ലഭിക്കുമെന്ന് വാഗ്ദാനം ചെയ്തു . എന്നാൽ ജോർജിയോ താനുൾപ്പെട്ട പോരാട്ട സംഘത്തെ കുറിച്ച് പറയാൻ വിസമ്മതിച്ചു . അതോടെ അയാളെ ക്രൂരമായി പീഡിപ്പിച്ച് ചോദ്യം ചെയ്യൽ ആരംഭിച്ചു .

ഇതിനിടെ ക്രൂരമർദ്ദനം ഭയന്ന് ഓസ്ട്രിയൻ തൂങ്ങി മരിക്കുന്നു . നാസി പോലീസ് ഗസ്റ്റപ്പോ ജോർജിയോയെ ചട്ടയും ബാറ്റണും കൊണ്ട് കഠിനമായി പീഡിപ്പിക്കാൻ തുടങ്ങി . വൈദീകനായ ഡോൺ പിയത്രോയെ സ്വാധീനിക്കാൻ മേജർ ശ്രമം തുടങ്ങുന്നു . ക്രൂരമായി മർദ്ദിക്കപ്പെട്ട ജോർജിയോയെ മേജർ കാണിച്ചു കൊടുക്കുന്നു . ജോർജിയോ കമ്മ്യൂണിസ്റ്റ് ആണ് ; നിരീശ്വരവാദിയാണ് ; കത്തോലിക്കാ സഭയുടെ ശത്രുവാണ് ...എന്നാൽ ഡോൺ പിയത്രോ പറഞ്ഞു : നീതിക്കു വേണ്ടി നിലകൊണ്ടു ജീവിക്കുന്ന ഏതൊരാളും ദൈവത്തിനു വേണ്ടിയാണു ചെയ്യുന്നത് ... ദേശസ്നേഹിയായ ആ വൈദീകൻ പോരാട്ട സംഘത്തെ കുറിച്ച് ഒന്നും വെളിപ്പെടുത്തുന്നില്ല . പീഡനമേറ്റ ജോർജിയോ മരണപ്പെടുന്നു .

വൈദീകൻ ഡോൺ പിയത്രോ ജോർജിയോയുടെ തലയിൽ തൊട്ട് അനുഗ്രഹിക്കുന്നു . ദൈവത്തിന്റെ കരുണയ്ക്കായി പ്രാർത്ഥിക്കുന്നു . മരണത്തെ സ്വീകരിച്ച ജോർജിയോയുടെ സഹനത്തെ അഭിനന്ദിക്കുന്നു . ഇതേസമയം ജീവൻ ബലിയർപ്പിച്ച ജോർജിയോയുടെ ആത്മധൈര്യവും ദേശസ്നേഹവും മേജർ ബെർഗ്മാനെ ഉലയ്ക്കുന്നുണ്ട് . തങ്ങൾ, ജർമൻ ആര്യന്മാർ , ഭൂമിയിലെ മനുഷ്യർക്കിടയിൽ വെച്ച് യജമാന വംശം ആണെന്നും മറ്റുള്ളവർ അടിമ വംശമാണെന്നും ഉള്ള മേജറിന്റെ വിശ്വാസത്തെ പോലും ആ മരണം ഇളക്കിമറിച്ചു .

നാസി ഓഫീസർമാരുടെ ക്ലബ്ബിൽ എത്തുന്ന മറീന , ജോർജിയോയുടെ പീഡിതമൃതശരീരം കണ്ടു ബോധരഹിതായി വീണു . മറീനയെക്കൊണ്ട് തങ്ങൾക്കു പ്രയോജനമില്ലെന്നു ഇൻഗ്രിഡിലൂടെ മനസിലാക്കിയ നാസി ഓഫീസർ അവളെ ബന്ധിക്കുവാൻ കൽപ്പിച്ചു . മറീന പുതച്ച രോമക്കുപ്പായം ഇൻഗ്രിഡ് തിരിച്ചെടുക്കുന്നു ; ഇതേപോലെ മറ്റൊരാളെ കണ്ടെത്തി പ്രീതിപ്പെടുത്താൻ.

# ഫിലിം വിഷൻ

നേരം പുലർന്നപ്പോൾ വൈദീകനായ ഡോൺ പിയത്രോയെ വധശിക്ഷയ്ക്കായി സൈനിക ഗ്രൗണ്ടിൽ എത്തിക്കുന്നു .അവിടെ കമ്പിവേലിക്കരികിൽ അൾത്താര ബാലന്മാർ മർചല്ലോയോടൊപ്പം എത്തിച്ചേർന്നു . തങ്ങളെ തിരിച്ചറിയാനായി അവർ ചൂളമടിച്ചു. പക്ഷെ കണ്ണട നഷ്ടപ്പെട്ട ഡോൺ പിയത്രോയ്ക്കു അവരെ കാണാനായില്ല . വൈദീകനെ വെടിവെച്ചു കൊല്ലാൻ ഇറ്റാലിയൻ ഫയറിംഗ് സ്ക്വാഡ് തയ്യാറെടുത്തു. വൈദികൻ പ്രാർത്ഥിക്കാൻ തുടങ്ങി. വൈദീകന് നേർക്ക് വെടിവയ്ക്കാൻ പലരും തയ്യാറാവുന്നില്ല. വെടിവെച്ചതാവട്ടെ ലക്ഷ്യം തെറ്റുന്നു . ഇറ്റാലിയൻ ഫയറിംഗ് സ്ക്വാഡിന്റെ പിൻമാറ്റം കണ്ടപ്പോൾ,തന്റെ ആര്യവംശ ആധിപത്യത്തെ നാസി സൈനിക ഓഫീസർ തോക്കെടുത്ത് നിറയൊഴിച്ചു. വൈദീകൻ ഡോൺ പിയത്രോ ജീവനറ്റ് കസേരയിൽ നിശ്ച്ചലമായി .

കമ്പിവേലിക്കു പുറത്തു നിന്ന അൾത്താര ബാലന്മാർ ആ സ്ഥലത്തു നിന്നും സങ്കടത്തോടെ പിന്തിരിഞ്ഞു നടന്നു. പ്രതിരോധ പോരാട്ട സംഘത്തെ സഹായിക്കുന്ന ആ ബാലന്മാരുടെ പശ്ചാത്തലത്തിൽ റോമാ നഗരവും സെൻറ് പീറ്റേഴ്സ് ബസ്ലിക്കയും തെളിയുന്നതോടെ സിനിമ സമാപ്തിയിലെത്തുന്നു .



## 11:40 AM

# THE CRANES ARE FLYING

## കൊക്കുകൾ പറക്കുമ്പോൾ

### മിഖായിൽ കലസോവ് / റഷ്യൻ / 1957 / 97 മിനിറ്റ്

യുദ്ധത്തിന്റെ ക്രൂരതയെയും വിനാശങ്ങളെയും നേരിട്ട സോവിയറ്റ് റഷ്യൻ ജനതയുടെ ദേശീയവികാരം പ്രതിഫലിപ്പിക്കുന്ന സിനിമയാണിത് .മോസ്കോ നഗരത്തിനു മേലെ കാർമേഘങ്ങൾക്കിടയിലൂടെ , ആകാശനീലിമയിൽ , ശരമുനരൂപത്തിൽ കൊക്കുകൾ കൂട്ടത്തോടെ പറക്കുന്നു . അതുനോക്കി നിന്ന വെറോനിക്കയുടെയും കാമുകൻ ബോറിസിന്റെയും മനസ്സിൽ പ്രണയസ്വപ്നങ്ങളും ചിറകു വിരുത്തി . എന്നാൽ മനുഷ്യന്റെ അഭിലാഷങ്ങളും പ്രത്യാശകളും പൂത്തുവിടരുമ്പോൾ യുദ്ധം കൊള്ളിയാനുകൾ പോലെ പടർന്നിറങ്ങുന്നു . ദാരുണമായ മനുഷ്യാവസ്ഥയിലേക്കു ജീവിതം പറിച്ചുനടുന്നു .

വെറോനിക്കയും ബോറീസും നദിക്കരയിലെ അണക്കെട്ടിലൂടെ രണ്ടു ഇണശലഭങ്ങളെ പോലെ പാറിപ്പറക്കുന്ന കിനാവുകൾക്കു യുദ്ധം വിരാമമിടുന്നു . കഴിഞ്ഞ നൂറ്റാണ്ടിൽ മനുഷ്യ ഹൃദയത്തെ ഏറെ ആകർഷിച്ച ഒരു റഷ്യൻ ചലച്ചിത്രമാണ് കൊക്കുകൾ പറക്കുമ്പോൾ. മിഖായിൽ കൊളോത്തോസോവ് 1957 -ൽ സംവിധാനം ചെയ്ത ഈ ചിത്രം 1958-ൽ കാൻ ഫിലിം ഫെസ്റ്റിവലിൽ പാം ഡി ഓർ പുരസ്‌കാരം നേടുകയുണ്ടായി .



1941 ജൂണിൽ മോസ്കോയിൽ

# ഫിലിം വിഷൻ



നഗരവാസികൾ പാർക്കുന്ന അപ്പാർട്ട്മെന്റുകളിൽ ഇടിത്തീ പോലെ ഒരു വാർത്ത പരന്നു .നാസി ജർമനിയുടെ സൈന്യം റഷ്യയെ ആക്രമിക്കുന്നു . വെറോണിക്കയും ബോറീസും വിവാഹിതരാവാൻ കാത്തിരിക്കുകയായിരുന്നു . അപ്പോഴാണ് സൈന്യത്തിലേക്കു നിർബന്ധിത സേവനത്തിനു ബോറിസ് നിയമിതനാവുന്നത് . വെറോനിക്കയുടെ ജന്മദിനത്തിൽ അണ്ണാന്റെ രൂപത്തിലുള്ള സമ്മാനം അവൾക്കു കൊടുക്കുവാനായി അവന്റെ മുത്തശ്ശിയെ ഏല്പിച്ചുകൊണ്ടാണ് ബോറിസ് സൈന്യത്തിൽ ചേരാൻ പോയത് . അയാൾ അവളെ വിളിച്ചിരുന്നത് അണ്ണാൻകുഞ്ഞേ എന്നായിരുന്നു . സമ്മാനത്തിനടിയിൽ ഒരു പ്രണയലേഖനവും ഒളിപ്പിച്ചിരുന്നു .

ബോറിസിനെ യാത്രയയക്കുവാനായി അവന്റെ വീട്ടിലെത്തിയപ്പോൾ അല്പം വൈകി . അവന്റെ മുത്തശ്ശി ജന്മദിന സമ്മാനം വെറോണിക്കയെ ഏൽപ്പിച്ചു .പക്ഷെ തിരക്കിനിടയിൽ ഒളിപ്പിച്ചുവെച്ച പ്രണയ ലേഖനം അവൾക്കു കാണാൻ കഴിഞ്ഞില്ല . അവൾ ആൾക്കൂട്ടത്തിനിടയിൽ അവനെ തിരഞ്ഞുവെങ്കിലും കാണാൻ കഴിഞ്ഞില്ല. സൈനികരെയും കൊണ്ട് തീവണ്ടി മുന്നോട്ടുപാഞ്ഞു .

യുദ്ധം കൊടുമ്പിരികൊള്ളുകയാണ് .എവിടെയും ജർമ്മൻ നാസി വിമാനങ്ങൾ ബോംബുകൾ വർഷിക്കുന്നു. വെറോണിക്കയുടെ അപ്പാർട്മെന്റ്മെന്റിലും ബോംബുകൾ പതിച്ചു . അവളുടെ മാതാപിതാക്കൾ കൊല്ലപ്പെട്ടു. മുറികൾ തകർന്നു . വസ്തുക്കൾ കത്തിനശിച്ചു . വെറോണിക്ക ഏകാകിനിയായി .

വെറോണിക്കയുടെ പ്രണയവും കാത്തിരിപ്പും പ്രത്യാശയും ബോറിസിന്റെ കുടുംബം മനസ്സിലാക്കുന്നുണ്ടായിരുന്നു . അവർ അവളെ വീട്ടിലേക്കു താമസത്തിനായി ക്ഷണിച്ചു . അവൾ ക്ഷണം സ്വീകരിച്ചു . ബോറിസിന്റെ കസിൻ മാർക്ക് വ്യത്യ



സ്ത സ്വഭാവക്കാരനായിരുന്നു . അയാൾക്ക് അവളിൽ അഭിനിവേശമുണ്ട് . അവളെ വശംവദയാക്കുവാൻ അവൻ ശ്രമിക്കുന്നുണ്ട് . പക്ഷെ അവന്റെ പ്രണയാഭ്യർത്ഥന അവൾ നിരസിച്ചു . ബോറിസിന് വേണ്ടി വിശ്വസ്തതയോടെ കാത്തിരിക്കുവാനാണ് തന്റെ ഉദ്ദേശമെന്ന് അവൾ വ്യക്തമാക്കി . വെറോണിക്കയും മാർക്കും മാത്രം വീട്ടിൽ ഉണ്ടായിരുന്നപ്പോൾ വീണ്ടും ബോംബുകൾ പതിച്ചു . തകർന്നടിഞ്ഞ് കത്തിനശിക്കുന്ന വസ്തുക്കൾക്കിടയിൽ കൂടി രക്ഷപ്പെടുന്നതിനിടയിൽ അവശയായ വെറോണിക്കയെ മാർക്ക് കീഴ്പ്പെടുത്തുന്നു . താമസിയാതെ വെറോണിക്കയും മാർക്കും വിവാഹിതരാവാൻ സന്ദർഭമൊരുങ്ങുന്നു . പക്ഷെ വിവാഹിതരായ അവരുടെ ദാമ്പത്യ ബന്ധത്തെ അവൾ അവജ്ഞയോടെയാണ് നേരിടുന്നത് . അവർക്കിടയിൽ ദാമ്പത്തികബന്ധം ഉണ്ടായിട്ടില്ല . ബോറിസിന്റെ മാതാപിതാക്കൾ അവൾ ബോറിസിനെ വഞ്ചിച്ചുവെന്ന് കരുതുന്നു .

ജീവിതത്തിന്റെ ദുർ വിധിക്കു നടുവിൽ പ്രത്യാശയോടെ ബോറിസിന് വേണ്ടി അവൾ കാത്തിരിപ്പ് തുടരുന്നു . യുദ്ധത്തിന് നടുവിൽ വ്യക്തിജീവിതത്തിലെ അഭിലാഷങ്ങൾ മൂടിവെയ്ക്കുമ്പോഴും ദേശത്തിനു വേണ്ടി ജീവൻ പണയപ്പെടുത്തി പോരാടുന്ന ബോറിസ് ഒരുനാൾ തിരിച്ചുവരും എന്ന പ്രത്യാശയിലാണ് അവൾ .

യുദ്ധമുഖത്ത് റഷ്യൻ സൈന്യം പോരാട്ടം തുടരുകയാണ് . ജർമ്മൻ നാസികളു

# ഫിലിം വിഷൻ

ടെ ആക്രമണത്തിൽ പലർക്കും മുറിവേൽക്കുന്നു . ചിലർ കൊല്ലപ്പെടുന്നു . ബോറിസിൻറെ പോക്കറ്റിൽ സൂക്ഷിച്ച ,വെറോണിക്കയുടെ ഫോട്ടോ സഹസൈകർക്കു ഒരു വിനോദമായി . അവർ പരിഹസിച്ചു . അതിന്റെ പേരിൽ ബോറീസും വോളോദ്യ എന്ന സൈനികനും മല്ലിടുകയും ചെയ്തു . ഇരുവരെയും സൈനിക മേധാവി കൂടുതൽ അപകടകരമായ യുദ്ധമുഖത്തേക്കു നിയോഗിച്ചു ശിക്ഷിച്ചു .



ആക്രമണവും പ്രത്യാക്രമണവും അതിർത്തിയിൽ നടക്കുകയാണ് . വൊളോദ്യയുടെ ജീവൻ രക്ഷിക്കുന്നതിനിടയിൽ ബോറിസിന്റെ തലയ്ക്കു വെടിയേറ്റു . തന്റെ അന്ത്യം അടുത്തു എന്ന് കരുതുന്ന ബോറിസ് ഒരു സ്വപ്നം കാണുന്നു...ബോറിസിന്റെയും വെറോണിക്കയുടെയും വിവാഹം .

നാസി സേനയിൽ നിന്ന് രക്ഷപ്പെടാനായി ബോറിസിന്റെ കുടുംബം സൈബീരിയയിലേക്കു മാറിത്താമസിച്ചു . അവിടെ പട്ടാള ആശുപത്രിയിൽ നേഴ്സായി വെറോണിക്ക സേവനം തുടങ്ങി . ബോറിസിന്റെ പിതാവ് ഫീദോർ ആണ് ആശുപത്രി നിയന്ത്രിക്കുന്നത് . സൈനിക ആശുപത്രിയിൽ വെച്ച് , ഒരു സൈനികൻ തനിക്കു ലഭിച്ച സന്ദേശത്തിൽ നിന്നും തന്റെ കാമുകി തന്നെ ഉപേക്ഷിച്ചു പോയെന്നു അറിയുമ്പോൾ അയാൾ വിഭ്രാന്തനായി . വെറോണിക്ക അയാളെ ആശ്വസിപ്പിക്കാൻ ശ്രമിച്ചുവെങ്കിലും അയാൾ ഒരു ഭ്രാന്തനെ പോലെ അലറിക്കൊണ്ടിരുന്നു . അവൾ ഫിദോറിനെ വിളിച്ചുകൊണ്ടുവന്നു . ഫീദോർ ഉപദേശിച്ചു ...അവിശ്വസ്തയും വഞ്ചകിയുമായ കാമുകി ഉപേക്ഷിച്ചു പോയത് നല്ലതിന് തന്നെയെന്ന് .ഇതുകേൾക്കുന്ന വെറോണിക്ക അപ്പാടെ മാനസികമായി തകരുന്നു . ഇതിനിടയിൽ മുറിവേറ്റ വോളോദ്യ ആശുപത്രിയിൽ എത്തുന്നുവെങ്കിലും അവിടെ തിരക്കേറിയതിനാൽ പ്രവേശനം അനുവദിച്ചില്ല . അതിനാൽ അയാൾക്ക് വെറോണിക്കയെ കാണാനുമായില്ല .



ആരോപണങ്ങൾ കേട്ട് നിരാശിതയായ വെറോണിക്ക ഒരു പാലത്തിൽ നിന്നും തീവണ്ടിക്കു മുന്നിലേക്ക് എടുത്തുചാടി ആത്മഹത്യയ്ക്ക് ശ്രമിച്ചപ്പോൾ ഒറ്റയ്ക്ക് നടന്നു പോയ ഒരു കുട്ടിയെ പാഞ്ഞൂവന്ന ജീപ്പിനു മുന്നിൽ നിന്നും രക്ഷപ്പെടുന്നു . ആ കുട്ടിയുടെ മാതാവിനെ യുദ്ധത്തിൽ കാണാതായി . അവന്റെ പേരും ബോറിസ് എന്നാണ് . ബോറിസ് എന്ന് കേൾക്കുമ്പോൾ അവൾ കുട്ടിയെ മാറോടു ചേർത്തു തേങ്ങിക്കരഞ്ഞു . അവൾ ആ കുട്ടിയെ തന്റെ വീട്ടിലേക്കു കൂട്ടിക്കൊണ്ടു പോകുന്നു .

ബോറിസ് സമ്മാനിച്ച അണ്ണാന്റെ രൂപത്തിലുള്ള കളിപ്പാട്ടം അന്വേഷിച്ചു . അപ്പോൾ ബോറിസിന്റെ സഹോദരി ഐറിൻ പറഞ്ഞു : മാർക്ക് അത് അയാളുടെ യജമാനത്തിക്കു സമ്മാനിക്കാനായി കൊണ്ടുപോയിരിക്കുകയാണ് . വെറോണിക്ക വിരുന്ന് നടക്കുന്ന സ്ഥലത്തേക്ക് പാഞ്ഞു . അവിടെ നിന്നും ആ സമ്മാനം അവൾ ബലപ്രയോഗത്തിലൂടെ തിരിച്ചെടുത്തു . അപ്പോഴാണ് അതിൽ ഒളിപ്പിച്ചുവെച്ച പ്രണയലേഖനം അവൾ കാണുന്നത് . വരികളിൽ കണ്ണുനട്ട അവളുടെ മനസ്സിൽ ബോറിസിന്റെ ശബ്ദം മുഴങ്ങി .

ചുവപ്പ് സേനയിൽ നിന്നും ലഭിച്ച ഒരു ഉത്തരവിൽ , മാർക്ക് വരുത്തിവെച്ച തിരിമറിയാണ് ബോറിസിന്റെ നിയോഗമായി മാറിയതെന്ന് ഫിദോർ കണ്ടെത്തി .മാതൃരാജ്യത്തെയും കുടുംബത്തെയും മാർക്ക് വഞ്ചിച്ചുവെന്ന് തിരിച്ചറിഞ്ഞു . മാർക്കിനെ കുടുംബത്തിൽ നിന്ന് പുറത്താക്കി . വെറോണിക്കായുടെ നിരപരാധിത്വം എല്ലാവർക്കും ബോധ്യപ്പെടുകയും ചെയ്തു .

വഴിയിൽ നിന്നും രക്ഷിച്ചു കൊണ്ടുവന്ന ബോറിസ് എന്ന കുട്ടി ആ കുടുംബ

# ഫിലിം വിഷൻ

ത്തിലെ അംഗമായി മാറിക്കഴിഞ്ഞു . ഒരു ദിവസം വോളോദ്യ വെറോണിക്കയുടെ വീട്ടിലെത്തി . ബോറിസ് മരണപ്പെട്ടതായി അറിയിച്ചു . അവൾ അത് വിശ്വസിച്ചില്ല .

1945 -ൽ യുദ്ധം അവസാനിച്ചു . ഒരു ദിവസം മോസ്കോയുടെ നദീതീരത്തു വെച്ച് വെറോണിക്ക വോളോദ്യയെ കണ്ടുമുട്ടി .ബോറിസിനെ കുറിച്ച് അന്വേഷിച്ചു . വോളോദ്യ പറഞ്ഞു : തനിക്ക് മുറിവ് പറ്റിയാൽ ബോറിസ് മരണമടയുന്നത് താൻ കണ്ടിട്ടില്ല . ..അവളുടെ പ്രത്യാശയേറി .തീർച്ചയായും ബോറിസ് തിരിച്ചുവരും .

സൈനികർ മോസ്കോയിലേക്കു തിരിച്ചെത്തി തുടങ്ങി . ബോറിസിനെ സ്വീകരിക്കാൻ പൂച്ചെണ്ടുമായി വെറോണിക്ക അഭിലാഷത്തോടെ ആൾക്കൂട്ടത്തിൽ ബോറിസിനെ തിരഞ്ഞു നടന്നു . ബോറിസിന്റെ സുഹൃത്ത് സ്റ്റെഫാനെ കണ്ടുമുട്ടി . സ്റ്റെഫാൻ ഉറപ്പിച്ചു പറഞ്ഞു : ബോറിസ് യുദ്ധത്തിൽ കൊല്ലപ്പെട്ടു ... വെറോനിക്കയുടെ കണ്ണുകൾ നിറഞ്ഞൊഴുകി . പൂച്ചെണ്ടിൽ കണ്ണീർതുള്ളികൾ അടർന്നു വീണു .

സ്റ്റെഫാൻ ആൾക്കൂട്ടത്തോടായി വിളിച്ചുപറഞ്ഞു ; മാതൃരാജ്യത്തിനു വേണ്ടിയുള്ള യുദ്ധത്തിൽ കൊല്ലപ്പെട്ടവരെ നാം ഒരിക്കലും വിസ്മരിക്കരുത് . കാലം മുന്നോട്ടു പോകുമ്പോൾ തകർന്നടിഞ്ഞതൊക്കെ നമുക്ക് പുതുക്കിപ്പണിയാനാവും . നമ്മുടെ മുറിവുകൾ ഉണങ്ങും . നമ്മൾ ഒരു പുതിയ ജീവിതം കെട്ടിപ്പടുക്കണം ...



വെറോണിക്ക പൂച്ചെണ്ടിൽ നിന്ന് ഓരോ പൂവെടുത്ത് തിരിച്ചെത്തിയ സൈനികരുടെ കുടുംബങ്ങൾക്ക് നൽകി . അവളുടെ നനഞ്ഞ കണ്ണുകൾ ആകാശത്തേക്ക് ഉയർന്നു . അപ്പോൾ വെള്ളിമേഘങ്ങൾക്കിടയിൽ കൂടി കൊക്കുകൾ പറക്കുകയാണ് ...

## 2 :30 PM

# ASHES AND DIAMONDS

## ചാരവും വജ്രങ്ങളും

### ആന്ദ്രേ വാഴ്ദ / പോളിഷ് / 1958 / 105 മിനിറ്റ്

“അങ്ങനെ പലപ്പോഴും
നിങ്ങൾ ജ്വലിക്കുന്നൊരു പന്തം...
ചുറ്റും കത്തുന്ന ചണത്തിന്റെ അടരുകൾ...
നിങ്ങൾക്കറിയില്ല
സ്വാതന്ത്ര്യമോ മരണമോ അത് പകർന്നു തരുമെന്ന്...
ഏറെ ഇഷ്ടപ്പെട്ടവ ദഹിപ്പിച്ചാൽ
ശേഷിക്കുന്നത് ചാരം മാത്രം...
അല്ലെങ്കിൽ അനന്തമാം തമസ്സ്...
നിത്യ വിജയത്തിൻ പ്രഭാത നക്ഷത്രം പോലെ
ചാരത്തിൽ നിന്നുയരട്ടെ,
നക്ഷത്രതുല്യമാം
വജ്രദീപ്തികൾ...”

**(പോളിഷ് കവി സിപ്രിയാൻ നോർവിഡ് /
Film -Ashes and Diamonds)**

പോളിഷ് സംവിധായകനായ ആന്ദ്രേ വാഴ്ദായയുടെ യുദ്ധവിരുദ്ധ ചലച്ചിത്ര ത്രയമാണ് എ ജനറേഷൻ ( 1954 ), കാനൽ ( 1956 ),ആഷസ് ആൻഡ് ഡയമൻഡ്സ് (1958 ). രണ്ടാംലോകമഹായുദ്ധത്തിനു ശേഷം 1945 -ൽ സങ്കീർണ്ണമായൊരു രാഷ്ട്രീ



യ സാഹചര്യത്തിലൂടെ കടന്നുപോകുകയായിരുന്നു പോളണ്ട് . ഇടതുപക്ഷ -വലതുപക്ഷ -നാസി -പോളിഷ് പൈതൃക വൈരുധ്യങ്ങൾ അവിടെ നിലനിന്നു . മുതലാളിത്ത സാമ്രാജ്യത്വം , സോഷ്യലിസ്റ്റ് സാമ്രാജ്യത്വം എന്നിവയുടെ അധീനതയിൽ യൂറോപ്പിൽ മുന്നണികളുണ്ടായി . അതോടൊപ്പം പോളണ്ടിന്റെ തനതായ പൈതൃകം സൂക്ഷിക്കുവാനും സ്വതന്ത്ര ജനാധിപത്യ രാജ്യമായി വികസിക്കാനും വെമ്പൽകൊണ്ട വിപ്ലവ സംഘങ്ങളും പ്രവർത്തിച്ചു.

ഈ സിനിമ പരോക്ഷമായി കമ്മ്യൂണിസ്റ്റ് പക്ഷത്തെ പിന്താങ്ങുന്നുവെങ്കിലും കഥാനായകൻ മസീക് ഇരുചേരികളുടെയും അധീശത്വത്തെ നിരാകരിക്കുന്ന , ഒരു സ്വതന്ത്ര പരമാധികാര പോളിഷ് റിപ്പബ്ലിക്കിനെ സ്വപ്നം കാണുന്ന വിപ്ലവ സംഘത്തിലെ സ്വാതന്ത്ര്യ സമര പോരാളിയാണ് .

തെറ്റും ശരിയും വേർതിരിക്കാനാവാത്ത പ്രതിസന്ധി നിറഞ്ഞ രാഷ്ട്രീയ സാഹചര്യത്തെയാണ് സംവിധായകൻ പ്രമേയമായി സ്വീകരിച്ചിരിക്കുന്നത് . ഇതിൽ അതിസങ്കീർണ്ണമായ നിലപാടാണ് റഷ്യൻ സൈനീക അധിനിവേശത്തോടുള്ള എതിർപ്പും കമ്മ്യൂണിസ്റ്റ് സാമ്രാജ്യത്വ വിരുദ്ധതയും. പോളണ്ടിന്റെ ചിത്രമെടുത്തു നോക്കിയാൽ റഷ്യൻ മേൽക്കോയ്മയെ പോളിഷ് ജനത ഒരുകാലത്തും അംഗീകരിച്ചിരുന്നില്ലെന്നു കാണാം . അത്രയേറെ സാംസ്കാരിക പൈതൃകവും ബൗദ്ധിക സമ്പത്തും പോളണ്ടിനുണ്ട് .

വോള്യം 5 ലക്കം 111 ജനുവരി 2023 ഇംഗ്ളീഷ് - മലയാളം




എന്നാൽ 1955 -ൽ വാഴ്സോ ഉടമ്പടി നടന്ന രാജ്യവും പോളണ്ടാണ് . സോവിയറ്റ് യൂണിയന്റെ കീഴിൽ അൽബേനിയ , ബൾഗേറിയ , ചെക്കോസ്ലോവാക്യ , കിഴക്കൻ ജർമ്മനി , ഹംഗറി എന്നിവയെ കൂടെതെ പോളണ്ടും നാറ്റോ വിരുദ്ധ സോഷ്യലിസ്റ്റ് സഖ്യത്തിൽ അംഗമായിരുന്നു . മുതലാളിത്ത സാമ്രാജ്യത്വ ശക്തികളിൽ നിന്ന് കമ്മ്യൂണിസ്റ്റ് പക്ഷത്തെ സംരക്ഷിക്കുക , പരസ്പര സഹകരണം ഉറപ്പാക്കുക എന്നിവയാണ് ലക്ഷ്യം .

പിൽക്കാലത്ത് 1989 -ലെ പോളിഷ് വിപ്ലവം വലതുപക്ഷ ചായ്‌വായി പരാമർശിക്കപ്പെട്ടുണ്ടെങ്കിലും കുഴഞ്ഞു മറിഞ്ഞ വ്യത്യസ്ത പശ്ചാത്തലവും ചിന്തകളും സ്വാതന്ത്ര്യ സാധൂകരണവും ആ വിപ്ലവത്തിന് ഉണ്ടായിരുന്നുവല്ലോ . വിപ്ലവങ്ങളും കലാപങ്ങളും കടന്നുപോയ ഒരു ദേശവും അതിനു ചുറ്റുമുള്ള രാഷ്ട്രീയ ശക്തികളും തമ്മിലുള്ള വൈരുധ്യങ്ങളും സംഘർഷങ്ങളും ഏതാണ്ട് ഇക്കാലത്തെ യൂക്രയിൻ - റഷ്യ യുദ്ധത്തിനു പിന്നിലും സമാനമായി കാണാൻ കഴിയും .

1958 -59 കാൻ ഫിലിം മേളയിൽ പങ്കെടുക്കുന്നതിൽ ഈ ചിത്രത്തിന് വിലക്കുണ്ടായിരുന്നു . എന്നാൽ വെനീസ് ഫിലിം മേളയിൽ ഫിപ്രസി പുരസ്കാരം കരസ്ഥമാക്കി ലോകസിനിമയിൽ ശ്രദ്ധേയമായി .

ഈ ചിത്രത്തിന്റെ തുടക്കത്തിൽ , 1945 മെയ് 8 ന് സ്വാതന്ത്ര്യ പോരാട്ട സംഘത്തിലെ മസീക്കും ആന്ദ്രെയും ഡ്രിവനോവ്സ്കിയും ഒരു ദൗത്യത്തിൽ ഏർപ്പെടുന്നതായി നാം കാണുന്നു . കുന്നിൻ നിറുകയിലുള്ള വിജനമായ ഒരു ദേവാലയത്തിനു



# ഫിലിം വിഷൻ

സമീപം തോക്കുകളുമായി അവർ കാത്തുകിടക്കുന്നു . റഷ്യൻ ചായ്‌വുള്ള കമ്മ്യൂണിസ്റ്റ് പോളിഷ് വർക്കേഴ്സ് പാർട്ടിയുടെ സെക്രട്ടറി സെസൂക്കയെ വധിക്കുകയാണ് ലക്ഷ്യം . ആ വഴി വന്ന ജീപ്പിലുള്ള രണ്ടുപേരെ അവർ വധിക്കുന്നു . അവർ അവിടെനിന്നും രക്ഷപ്പെടുന്നു . അവിടെ കൂടിയ നാട്ടുകാരായ കർഷകർ കമ്മ്യൂണിസ്റ്റ് നേതാക്കൾക്ക് നേർക്കുള്ള ഈ ആക്രമണത്തെ രൂക്ഷമായി അപലപിക്കുന്നു . നിരപരാധികൾ വധിക്കപ്പെടുന്നത് ന്യായീകരിക്കാനാവില്ലല്ലോ .

എന്നാൽ സംഘടനയുടെ തലവൻ മേജർ വാഗാ വധശ്രമം പരാജയപ്പെട്ടതായി അറിഞ്ഞപ്പോൾ രണ്ടാമതൊരു ഊഴം കൂടി മസീക്കിനും ആന്ദ്രേയ്ക്കും ഡ്രിവനോവ്സ്കിക്കും നൽകുന്നു .

പാർട്ടി ഭാരവാഹികളും മന്ത്രിയും വനിതകളുമൊക്കെ പങ്കെടുക്കുന്ന വിരുന്ന് സമ്മേളനം ഹോട്ടൽ മോണോപോളിൽ നടക്കുകയാണ് .ഗംഭീരമായ ചടങ്ങ് . അവിടെ സെസൂക്കയുമുണ്ടാവും . അവർ മൂന്നു പേരും ഹോട്ടൽ മോണോപോളിൽ എത്തുന്നു . അവിടെ ഒരു മുറി മസീക് എടുക്കുന്നു .

ഹോട്ടലിലെ ബാൻക്വറ്റ് ഹാളിനു സമീപം ബാറിലിരുന്നു മദ്യപിക്കുന്ന മസീക്കും ആന്ദ്രെയും ' കാസിനോ മാമലകളിലെ ചുവപ്പ് പോപ്പി പൂക്കൾ "എന്ന ദേശഭക്തിഗാനം കേൾക്കുന്നു . 1944 മെയ് മാസമാണ് പോളിഷ് ജനകീയ സേന നാസികളിൽ നിന്ന് കാസിനോ മലകൾ തിരിച്ചുപിടിച്ചത് . കൊല്ലപ്പെട്ടവർക്കുള്ള ആദരം . എന്നാൽ തങ്ങളുടെ സംഘത്തിൽ ഉണ്ടായിരുന്നവരെയാണ് മസീക് അനുസ്മരിക്കുന്നത് . പോളണ്ടിന് വേണ്ടി ജീവൻ ബലിയർപ്പിച്ച തങ്ങളുടെ സംഘത്തിലെ ഓരോരുത്തരെയും മസീക് ഓർക്കുന്നു. അവർക്കായി ഓരോ ഗ്ലാസ് മദ്യം നീക്കിവെച്ച് അതിൽ തീകൊളുത്തുന്നു .

ബാറിലെത്തുന്ന ഡ്രിവനോവ്സ്കിയാവട്ടെ മദ്യപിച്ച് ലക്ക് കെടുന്നു . ഡെമോക്രാറ്റിക് പത്രത്തിന്റെ പ്രതിനിധി പീനിസിക്കുമായി പോളണ്ടിന്റെ സ്വതന്ത്രമായ ഭാവിയെ കുറിച്ച് ചർച്ച ചെയ്യുന്നു . പലപ്പോഴും റഷ്യൻ ചായ്‌വുള്ള പാർട്ടി ഭാരവാഹികളെ ആക്ഷേപിക്കുകയും ചെയ്യുന്നു . ഒപ്പം നാസിയുടെ സാന്നിധ്യത്തെയും ഇംഗ്ലണ്ടിനെയും അമേരിക്കയെയും വിമർശിക്കുന്നു .

# ഫിലിം വിഷൻ

ബാറിൽ വെച്ച് ബാർ ജീവനക്കാരിയായ ക്രിസ്റ്റീനയെ മസീക് പരിചയപ്പെടുന്നു . അവളോട് അയാൾക്ക് അടുപ്പം തോന്നി . ക്രിസ്റ്റീനയ്ക്കും അയാളെ ഇഷ്ടമായി .മസീക് തന്റെ മുറിയിലേക്ക് ക്രിസ്റ്റീനയെ ക്ഷണിച്ചു . വിരുന്നു സമ്മേളനത്തിനിടയിൽ അതേ ഹോട്ടലിലെ മുറിയിൽ അവർ ഒരുമിച്ചു .

നഗ്നരായി കിടക്കുമ്പോൾ അവർ പരസ്പരം ഭാവിയെ കുറിച്ച് ചിന്തിക്കുന്നു . ക്രിസ്റ്റീൻ ഏകയാണ് . എന്നാൽ ഒരു കുടുംബ ജീവിതത്തിനു അവൾ ഉടനെ തയ്യാറല്ല . മസീക്കിനു നേരം പുലരും മുൻപേ ദൗത്യം പൂർത്തിയാക്കി , നഗരം വിടുകയും വേണം . അവർ രാത്രിയിൽ നടക്കാനിറങ്ങി .

യുദ്ധകാലം അവരുടെ ബാല്യങ്ങളിൽ ഏൽപ്പിച്ച മുറിവുകൾ അവർക്കുണ്ട് . ജീവിതത്തിൽ ഏകാകികളായി സഞ്ചരിക്കുന്നു . സ്വന്തമെന്നു പറയാൻ അത്ര വലിയ ബന്ധങ്ങളില്ല . ഭാവി അനിശ്ചിതത്വം നിറഞ്ഞതാണ് . സാഹചര്യങ്ങൾ മാറിമറിഞ്ഞേക്കാം . അവർക്ക് ശുഭ പ്രതീക്ഷയുണ്ട് . മഴ വീണപ്പോൾ അവർ ഒരു തകർന്ന കെട്ടിടത്തിലേക്ക് ഓടിക്കയറി . അതൊരു പഴയ കപ്പേളയും ശവകുടീരവുമായിരുന്നു . ഭിത്തിയിലെ അടർന്നുപോയ ലിപികൾ അവൾ വായിക്കാൻ ശ്രമിച്ചു ...

അങ്ങനെ പലപ്പോഴും
നിങ്ങൾ ജ്വലിക്കുന്നൊരു പന്തം...
ചുറ്റും കത്തുന്ന ചണത്തിന്റെ അടരുകൾ...
നിങ്ങൾക്കറിയില്ല ,
സ്വാതന്ത്ര്യമോ മരണമോ അത് പകർന്നു തരുമെന്ന്...
ഏറെ ഇഷ്ടപ്പെട്ടവ ദഹിപ്പിച്ചാൽ
ശേഷിക്കുന്നത് ചാരം മാത്രം
അല്ലെങ്കിൽ അനന്തമാം തമസ്സ് ...
വായിച്ചെടുക്കാൻ ബുദ്ധിമുട്ടിയപ്പോൾ മാറിനിന്ന മസീക് പൂരിപ്പിച്ചു .
നിത്യ വിജയത്തിൻ പ്രഭാത നക്ഷത്രം പോലെ

# ഫിലിം വിഷൻ



ചാരത്തിൽ നിന്നുയരട്ടെ

നക്ഷത്ര തുല്യമാം

വജ്ര ദീപ്തികൾ..,,,

ക്രിസ്റ്റീനയുടെ ചെരുപ്പിലെ ഹീൽ വിട്ടുപോയപ്പോൾ മസീക് , ചെരുപ്പ് വാങ്ങി, നിദ്രയിലാണ്ട കാവൽക്കാരൻ അറിയാതെ കപ്പേളയിൽ കയറി നന്നാക്കുമ്പോൾ , ശബ്ദം കേട്ട് കാവൽക്കാരൻ കടന്നുവന്നു ആക്രോശിച്ചു . തിരുരൂപത്തിനു മുന്നിൽ രണ്ടു ശവശരീരങ്ങൾ വെള്ളത്തുണി മൂടി കിടത്തിയിട്ടുണ്ട് . മസീക് വെള്ളത്തുണി മാറ്റി നോക്കി . താൻ കൊലപ്പെടുത്തിയ നിരപരാധികളായ രണ്ടുപേരുടെ മൃതശരീരങ്ങൾ !

അവർ ഹോട്ടലിലേക്ക് തിരികെ നടന്നു . അവളെ ബാറിലേക്ക് യാത്രയാക്കും മുൻപ് വീണ്ടും ആലിംഗനങ്ങളിൽ അമർന്നു . ഇനി എങ്ങനെ അവർ കണ്ടുമുട്ടുമെന്നു അറിയില്ല . പക്ഷെ പ്രതീക്ഷയുണ്ട് . നേരം പുലരും മുൻപേ അയാൾക്ക് തന്റെ ദൗത്യം നിറവേറ്റണം . 4 :30 നുള്ള തീവണ്ടിയിൽ യാത്രയാവണം ...

ഹോട്ടലിൽ തിരിച്ചെത്തിയ മസീക്കയെ ആന്ദ്രേ ചോദ്യം ചെയ്തു . ക്രിസ്റ്റീനയുടെ കൂടെ കൂടിയതിനു ശേഷം മസീകയ്ക്ക് മനസ്സിന് മാറ്റം വന്നിട്ടുണ്ടെന്ന് ആന്ദ്രേ സംശയിച്ചു . മസീക്കയെ കർശനമായി വിലക്കുകയും ചെയ്തു . വ്യക്തിഗത സ്വപ്നങ്ങൾ രണ്ടാമതാണ് . മാതൃരാജ്യത്തിനു വേണ്ടിയുള്ള ദേശഭക്തിയും സ്വാതന്ത്ര്യത്തിനു വേണ്ടിയുള്ള പോരാട്ടമാണ് പ്രധാനം ...

ഇതിനിടെ സെസൂക്ക തന്റെ മുൻഭാര്യയെ കാണാൻ ചെല്ലുന്നു . തന്റെ മകനെ കുറിച്ച് അറിയണം . മുൻ ഭാര്യയ്ക്ക് യാതൊരു മമതയും അയാളോടില്ല . പാർട്ടിക്കിടയിൽ സെസൂക്ക അറിയുന്നു , തന്റെ മകൻ സൈന്യത്താൽ പിടിക്കപ്പെട്ടിട്ടിരിക്കു

# ഫിലിം വിഷൻ



ന്നു. പതിനെട്ടുകാരനായ മകൻ മറ്റൊരു തീവ്രവാദ രാഷ്ട്രീയ സംഘടനയിൽ അംഗമാണ് . മകനെ കാണുവാൻ സൈനീക കേന്ദ്രത്തിലേക്ക് സെസൂക്ക ഇറങ്ങിനടന്നു .

സെസൂക്കയുടെ ഓരോ നീക്കവും നിരീക്ഷിച്ചുകൊണ്ടിരുന്ന മസീക് റോഡിലേക്കിറങ്ങി . വിജനമായ പാത . ഇടയ്ക്കിടെ സൈന്യം ദേശഭക്തി ഗാനം ആലപിച്ച് മാർച്ച് ചെയ്യുന്നു . മസീക നടപ്പിന് വേഗം കൂട്ടി . മുന്നേനടന്നു . പിന്നെ തിരികെ നടന്നു . സെസൂകയ്ക്കു അഭിമുഖമെത്തിയപ്പോൾ തോക്കെടുത്ത് നിറയൊഴിച്ചു. സെസൂക മരിച്ചുവീണു . ദൗത്യം പൂർത്തിയാക്കിയ മസീക് അതിവേഗം ഹോട്ടലിലെത്തി പുറപ്പെടാൻ തയ്യാറായി . വിരുന്നുമേള അവസാനിച്ചിട്ടില്ല . അവിടെ പാട്ടും സംഗീതവും നൃത്തവും നടക്കുന്നുണ്ട് .

മസീക് റെയിൽവേ സ്റ്റേഷനിലേക്ക് നടന്നു . തീവണ്ടിയുടെ ചൂളം കേൾക്കാം .വഴിയിൽ വെച്ച് , മദ്യപിച്ചു ലക്കുകെട്ട ഡ്രിവനോവ്സ്കിയിൽ നിന്നും ഒഴിഞ്ഞു മാറി , റയിൽവേ സ്റ്റേഷനിലേക്ക് ഓടുന്നതിനിടെ അബദ്ധത്തിൽ ഒരു സൈനികനെ തട്ടിവീഴ്ത്തി . പാതകളിൽ സൈന്യം ജാഗരൂകമായി കഴിഞ്ഞിരുന്നു . നഗരത്തിൽ നിന്ന് ഒരാൾക്ക് ഓടിരക്ഷപ്പെടുക അത്ര എളുപ്പമല്ല . എങ്കിലും സൈന്യത്തിന് പിടികൊടുക്കാതെ ഓടിരക്ഷപെട്ടേ മതിയാവൂ . സൈന്യം അയാൾക്ക് പിന്നാലെ പാഞ്ഞു . ഒടുവിൽ വെടിയുതിർത്തു .

വെടിയേറ്റ മസീക വീണ്ടും ഓടി . തീവണ്ടി കടന്നുപോകുന്നത് അയാൾ കണ്ടു. നഗരമാലിന്യങ്ങൾ നിറഞ്ഞ വെളിപ്രദേശത്തിലൂടെ അയാൾ എന്തിയേന്തി നടന്നു . ചാരവും കടലാസ്സുതുണ്ടുകളും നിറഞ്ഞ ചതുപ്പിൽ അയാൾ അവശനായി വീണു .പിന്നെ നിശ്ചലമായി...

# ഫിലിം വിഷൻ

## 4:30 PM

## HIROSHIMA MON AMOUR

### സ്നേഹിക്കുന്നു ഹിരോഷിമയെ

**അലൻ റെനേ / ഫ്രഞ്ച് / 1959 / 92 മിനിറ്റ്**

92 മിനിറ്റ് കൊണ്ട് വിശ്വസിനിമയിൽ എക്കാലവും പരാമർശിക്കുന്ന അഭ്രശില്പമാണ് ഹിരോഷിമ മോൺ അമർ . യുദ്ധക്കെടുതികളുടെ ഭീകരമുഖവും വേരുകളറ്റു പോകുന്ന മനുഷ്യരാശിയുടെ ആകുലചിന്തകളും പ്രത്യാശകൾ നിലനിൽക്കുന്ന മനുഷ്യാവസ്ഥയും പ്രണയവും പ്രതിപാദിക്കുന്ന ക്ലാസിക്ക് ചലച്ചിത്രം .

ആണവായുധ ശക്തികളെ നിരാകരിക്കുന്ന പ്രമേയമായതിനാൽ ചില ഇടപെടലുകളെ തുടർന്ന് 1959 -ലെ കാൻ ഫെസ്റ്റിവലിൽ പ്രദർശനാനുമതി ലഭിച്ചില്ല . എങ്കിലും ഫിപ്രസി ഇന്റർനാഷണൽ ക്രിട്ടിക്സ് പ്രൈസ് നേടി . 1960 -ൽ ബെൽജിയം ഫിലിം ഫെസ്റിവലിൽ ക്രിട്ടിക്സ് അസോസിയേഷന്റെ ഗ്രാൻഡ് പ്രിക്സ് കരസ്ഥമാക്കി .1960 - ൽ ജർമ്മനിയിലെ മോൺട്രിയൽ ഫെസ്റ്റിവലിൽ തെരെഞ്ഞെടുത്തു . 1952 - നു ശേഷമുള്ള ഏറ്റവും മികച്ച 10 സിനിമകളിൽ ഒന്നായി 2013 - ൽ ഫ്രാൻസിലെ പോസിറ്റീവ് ഫിലിം മാഗസിൻ പരിഗണിച്ചു .ലോകസിനിമാ വേദിയിൽ അനുസ്യൂതം ചർച്ച ചെയ്യപ്പെടുന്ന ഈ ചിത്രം 2013 -ലെ കാൻ ഫെസ്റ്റിവലിൽ ഫിലിം ക്ലാസിക്ക് വിഭാഗത്തിൽ തെരെഞ്ഞെടുത്തു .



എലേ എന്ന് വിളിക്കുന്ന ഇരുപതുകാരിയായ യുവനടി പാരീ

# ഫിലിം വിഷൻ

സിൽ നിന്നും ഹിരോഷിമയിൽ എത്തുന്നു . അവൾ സമാധാന സന്ദേശമുള്ള ഒരു സിനിമയുടെ ചിത്രീകരണവുമായി ബന്ധപ്പെട്ടാണ് എത്തിയിരിക്കുന്നത് . റെഡ് ക്രോസ് സൊസൈറ്റിയുടെ നേഴ്സിന്റെ വേഷം .

ഷൂട്ടിംഗ് അവസാനിക്കുന്നതിനു തലേന്ന് അവൾ റെസ്റ്റോറന്റിൽ വെച്ച് ഫ്രഞ്ച് ഭാഷ സംസാരിക്കുന്ന ജപ്പാന്കാരനെ കണ്ടുമുട്ടി . അയാൾ ഇരുപത്തിരണ്ടുകാരനായ ഒരു ആർക്കിടെ ക്ട് ആണ് . ഫ്രഞ്ച് വിപ്ലവം പഠിക്കുവാൻ വേണ്ടി ഫ്രഞ്ച് ഭാഷ പഠിച്ചു . ലൂ എന്ന് വിളിക്കുന്ന അയാൾ വാസ്തവത്തിൽ ഹിരോഷിമകാരനാണ് . ആണവ ബോംബിൽ കുടുംബംകൊല്ലപ്പെട്ടു . യുദ്ധം നടക്കുമ്പോൾ സൈന്യത്തിലായിരുന്നു . അയാൾക്ക് സുന്ദരിയായ ഭാര്യ ഉണ്ടെന്നു പറയുന്നുവെങ്കിലും ഒറ്റയ്ക്കുള്ള ജീവിതമാണെന്ന് അവളെ അറിയിക്കുന്നുണ്ട് .

അവളാകട്ടെ ഫ്രാൻസിലെ നെവാരയിൽ ജനിച്ചുവളർന്നവൾ . കൗമാരത്തിൽ , യുദ്ധം നടക്കുമ്പോൾ, ജർമ്മൻ നാസി അതിർത്തി കീഴടക്കുമ്പോൾ , ഒരു സൈനീകനുമായി അവൾ പ്രണയത്തിലായി .അവളുടെ അപമാനിതരായ മാതാപിതാക്കൾ അവളെ വീട്ടുതടങ്കലിലാക്കി . അവളുടെ തലമുടി മൊട്ടയടിക്കുകയും പ്രത്യേക സെല്ലിൽ ഏകാന്ത വാസത്തിനു അടയ്ക്കുകയും ചെയ്തു . ഏകാന്തതയിൽ , നാലു ചുമരുകൾക്കുള്ളിൽ, അവൾക്ക് മാനസിക വിഭ്രാന്തി വരെ ഉണ്ടായി . ഒറ്റപ്പെട്ട ദിനരാത്രങ്ങൾ അവളെ ഭ്രാന്ത് പിടിപ്പിച്ചു . ജർമ്മൻ സേന അവിടം വിട്ടു പോകും മുൻപ് വീടിനു മുന്നിലെത്തിയ അവളുടെ പ്രിയതമൻ വെടിയേറ്റു മരിച്ചു . ജർമ്മന്കാരനുമായുള്ള ബന്ധത്തെ തുടർന്ന് ആ കുടുംബം മറ്റുള്ളവരാൽ ബഹിഷ്കൃതരായിരുന്നു . യുദ്ധത്തിന് ശേഷം അവൾക്കു



# ഫിലിം വിഷൻ

മാറ്റമുണ്ടായി . അവൾ ഓർമ്മിക്കുവാനും ചിന്തിക്കുവാനും തുടങ്ങി . വീടിനു പുറത്ത് സഞ്ചരിക്കുവാനും ആരംഭിച്ചു . മാതാപിതാക്കൾ അവളെ അവിടെ നിന്നും മാറ്റുവാൻ തീരുമാനിച്ചു . അവൾക്കും അവിടം വിട്ടു പോകണമായിരുന്നു . മാതാപിതാക്കൾ അവളെ പാരീസിൽ പോകുവാൻ അനുവദിച്ചു . രണ്ടു നാൾ കൊണ്ട് ഒരു സൈക്കിളിലാണ് അവൾ പാരീസിൽ എത്തിയത് .അതോടെ പുതിയൊരു ജീവിതം ആരംഭിച്ചു . സിനിമയിൽ അഭിനേത്രിയായി.

ഹിരോഷിമയിൽ ചിത്രീകരണത്തിന് എത്തിയ അവൾ നാളെ പാരീസിലേക്കു തിരികെ പോകുകയാണ് . ഇനി അവർ പരസ്പരം കണ്ടുമുട്ടണമെന്നില്ല . പ്രതീക്ഷകൾ ഉണ്ടെങ്കിലും . തലേന്ന് രാത്രി റെസ്റ്റോറന്റിൽ നിന്നും അവൾ താമസിക്കുന്ന ഹോട്ടൽ ന്യൂ ഹിരോഷിമയിലെ മുറിയിൽ അവർ ഒന്നിക്കുന്നു . അവർ പരസ്പ്പരം അറിയുന്തോറും കൂടുതൽ അടുക്കുകയാണ് . തീവ്രമായ പ്രണയം .

സിനിമയുടെ തുടക്കത്തിൽ നാം കാണുന്നത് ഇരുട്ടിൽ അവരുടെ നഗ്നമായ ശരീരങ്ങൾ ആലിംഗനം ചെയ്തു കിടക്കുന്നതാണ് . പരസ്പരം തലോടി സാന്ത്വനിപ്പിക്കുന്നു. അവരുടെ ശബ്ദങ്ങളാണ് ആദ്യത്തെ 16 മിനിറ്റിൽ നാം കേൾക്കുന്നത് . ഒപ്പം ഹിരോഷിമയുടെ ബോംബ് ആക്രമണ ദൃശ്യങ്ങളും ആശുപത്രിയും മ്യൂസിയവും ബോംബിങ്ങിനു ശേഷമുള്ള ദാരുണാവസ്ഥയും ശാസ്ത്രനേട്ടങ്ങളും ആറ്റം മാതൃകയും ന്യൂസ് റീൽ ഷോട്ടുകളും തെരുവും കാണുന്നു . ഇടയ്ക്കിടെ ഇരുട്ടിൽ എലെയുടെയും ലൂവിന്റെയും ശരീരദൃശ്യങ്ങളും .

ലൂവിന്റെ ശബ്ദം : ' നീ ഹിരോഷിമയിൽ ഒന്നും കണ്ടിട്ടില്ല '

എലെയുടെ ശബ്ദം : ' ഞാൻ എല്ലാം കണ്ടു . എനിക്കുറപ്പുണ്ട് . ഹിരോഷിമയിലെ . ആ ആശുപത്രി .എങ്ങനെ കാണാതിരിക്കാനാവും ? '

അവരുടെ സംഭാഷണം തുടർന്നു .

“ഇല്ല . നീ ഒന്നും കണ്ടിട്ടില്ല . '

‘നാലുപ്രാവശ്യം മ്യൂസിയത്തിൽ പോയി ....അവിടെ ധാരാളം ആളുകൾ എത്തുന്നു .... നിരവധി ഫോട്ടോകൾ . അതുകാണുന്നവർ ചിന്താകുലരാവുന്നു ... ഉരുകിയ

ഫിലിം
വിഷൻ



ലോഹങ്ങൾ ... തകർന്ന ശരീരങ്ങൾ പോലെ....ഉരുകിയ നിരവധി ഉപകരണങ്ങൾ...ശരീര ഭാഗങ്ങൾ...തകർന്ന് കല്ലുകൾ ...സ്ത്രീകളുടെ തലയിൽ നിന്നും അപ്പാടെ തിരിച്ചുപോയ തലമുടി ...കിടക്കയിൽ പൊള്ളിവീർത്ത ശരീരങ്ങൾ ...തൊലിപോയ ശിരസ്സുകൾ...സമാധാന ചത്വരത്തിൽ 10 ,000 ഡിഗ്രീ ചൂട് ...എനിക്കറിയാം സൂര്യൻ ഇറങ്ങിനിന്നതു പോലെ ...പുല്ലുകൾ മുളയ്ക്കാത്ത മണ്ണ് ...'

'നീ ഒന്നുംതന്നെ ഹിരോഷിമയിൽ കണ്ടിട്ടില്ല ...'

'ബോംബ് വീണതിന്റെ പതിനഞ്ചാം ദിവസം ജനിച്ച ശിശുക്കളുടെ വികൃത രൂപങ്ങൾ ...കൃഷ്ണമണി ഉരുകിപോയവർ ...അംഗവൈകല്യം സംഭവിച്ചവർ ...അതൊക്കെ തോന്നലുകളാണെങ്കിൽ അതിനു കീഴിലാണ് ഞാൻ ...ഒന്നും മറക്കാനാവില്ല ...ഹിരോഷിമയിൽ അതിജീവിച്ചവരുണ്ട് ...ഗർഭസ്ഥ ശിശുക്കൾ ...അവർ ജനിച്ചപ്പോൾ വൈകല്യമുള്ളവർ ...എനിക്കറിയാം ...'

'ഇല്ല .ഒന്നുമറിയില്ല '

ഗർഭിണികൾ പ്രസവിച്ച കുഞ്ഞുങ്ങൾ ഭീകരരൂപങ്ങളായിരുന്നു ...മഴ ...പസഫിക് സമുദ്രത്തിൽ പെയ്തത് ചാരത്തിന്റെ മഴ ...സമുദ്രം മലിനമായി...മൽസ്യത്തൊഴിലാളികൾ മരണപ്പെട്ടു ...മാർക്കറ്റിലെ മൽസ്യങ്ങൾ ഒഴിവാക്കി ...ഭക്ഷണ സാധനങ്ങൾ പോലും മാരക അണുബാധയുള്ളത് ...ലോകം ഉണർന്നു..നഗരങ്ങളിൽ പ്രക്ഷോഭങ്ങൾ ...ആർക്കെതിരെ ? ...അസമത്വത്തിനെതിരെയോ ? ജനതകൾക്കെതിരെയോ ? ഒരു വംശം മറ്റൊരു വംശത്തോടു ചെയ്യുന്ന അനീതി ...അധികാരം ...എന്താണ് മറക്കപ്പെട്ടത് ? '

' ഇല്ല . നിനക്കറിയില്ല . മറക്കപ്പെട്ടതു എന്തൊക്കെയെന്ന് ...'

' ഞാൻ ദാനം ചെയ്തിട്ടുണ്ട് ...പണത്തിനു വേണ്ടി ബുദ്ധിമുട്ടിയിട്ടുമുണ്ട് ...ഒ

# ഫിലിം വിഷൻ

ന്നും മറക്കാനാവില്ല ...ആശ്വാസത്തിന് വേണ്ടി അലഞ്ഞിട്ടുണ്ട് ...ഏറെ വിഷമിച്ചിട്ടുണ്ട് ...എനിക്ക് കുറച്ചൊക്കെ അറിയാം...9 സെക്കന്റിനുള്ളിൽ 2 ലക്ഷം പേര് മരിച്ചു ...80,000 പേർക്ക് ഗുരുതരമായ പരിക്ക് പറ്റി ...പതിനായിരം സൂര്യന്മാരുടെ ചൂടിൽ കീലുകൾ പോലും കത്തും ...ഇനി ഇതുണ്ടായാൽ ഭൂമിയിൽ നിന്ന് നഗരങ്ങൾ പറിച്ചെറിയപ്പെടും ...മൽസ്യസമ്പത്തുള്ള ശുദ്ധ ജലത്തിന്റെ നിറം ചാരയോ നീലയോ ആയിമാറും ...ചെളി നിറഞ്ഞ തീരങ്ങളിൽ വിനോദത്തിനായി ആരുമെത്തില്ല... നദിയിലെ അഴിമുഖത്ത് വേലിയേറ്റം അതിശക്തമാവും ...‘

‘ഇല്ല , എല്ലാം നിനക്കറിയില്ല ’

‘ ഞാൻ നിങ്ങളെ കണ്ടു ...നിങ്ങളെ അറിഞ്ഞു..നിങ്ങൾ എനിക്ക് നന്മയോ തിന്മയോ ? കൃത്രിമ സ്നേഹം കൊണ്ടാണ് ഈ നഗരം നിർമ്മിച്ചതെന്ന് ഞാനെങ്ങനെ അറിയും ? ഒരു കയ്യുറ പോലെ നിങ്ങനെ ശരീരത്തിന് പാകമാണെന്നു ഞാനെങ്ങനെ അറിയും ? എന്നാലും നിങ്ങളെ ഇഷ്ടപ്പെടുന്നു ...എത്ര പെട്ടെന്ന് !...എന്നെ വാരിപ്പുണരൂ ...ഈ നഗരവും രാത്രിയും മറ്റിടങ്ങളുമായി വ്യത്യാസമൊന്നുമില്ല ...ഞാൻ അപേക്ഷിക്കുകയാണ് ...നിങ്ങളുടേത് മൃദുലമായ തൊലിയാണ് ...‘

അവളുടെയും അയാളുടെയും മുഖങ്ങൾ തെളിഞ്ഞു . നഗ്നരായ അവർ ഹോട്ടൽ മുറിയിൽ ഒരു മെത്തയിലാണ് .

അവൾ കൗതുകത്തോടെ ചോദിച്ചു : ’ നിങ്ങൾ പൂർണമായും ജപ്പാൻകാരൻ തന്നെയാണോ ?”

അയാൾ പറഞ്ഞു :” അതെ . ഹിരോഷിമക്കാരൻ . നിന്റെ പച്ചക്കണ്ണുകൾ ആയിരം പേരിലൊരാൾക്കേ ഉണ്ടാകൂ . ’

” അന്ന് ബോംബ് വീണ ദിവസം നിങ്ങൾ ഹിരോഷിമയിൽ ഉണ്ടായിരുന്നോ ? ’

‘ ഇല്ല . എന്റെ കുടുംബം ഉണ്ടായിരുന്നു . ഞാൻ സൈന്യത്തിലായിരുന്നു .’

“ഭാഗ്യവാൻ ’

‘ അതെ ’

‘ എന്റെയും ഭാഗ്യം ’

‘ നിങ്ങളെന്തിനാണ് ഹിരോഷിമയിൽ വന്നത് ? ’

‘ ഒരു ഫിലിം ചെയ്യാൻ !”

“ ഫിലിമോ? ’

‘ ഞാൻ ഒരു സിനിമ നടിയാണ് .”

“ മുൻപ് എവിടെയായിരുന്നു ? ’

‘ പാരീസിൽ . ’

‘ അതിനും മുൻപ് ? ’

‘ നേവറയിൽ . ’

‘ നിങ്ങൾ എന്തിനാണ് ഹിരോഷിമയിൽ എല്ലാം കാണുന്നത് ? ’

‘എന്നിലെ താൽപ്പര്യം . എനിക്കൊരു ഉദ്ദേശമുണ്ട് . എല്ലാം സൂക്ഷ്മമായി അറിയുക . ’

നേരം പുലർന്നു .

അവൾ ടെറസിൽ ചെന്ന് കാഴ്ചകൾ കണ്ടു.

മെത്തയിൽ കിടന്നുറങ്ങുന്ന അയാളുടെ കൈകൾ കണ്ടപ്പോൾ അവളുടെ മനസ്സിൽ യുദ്ധത്തിൽ വെടിയേറ്റ് മരിച്ചു വീണ പ്രിയതമനെ ഓർത്തു .

അയാൾ ഉണർന്നു . അവൾ ചുടുകാപ്പി കൊടുത്തു .

ചിത്രീകരണത്തിന്റെ അവസാനത്തെ പകൽ ആരംഭിക്കുകയാണ് .

അവൾ റെഡ് ക്രോസ് സൊസൈറ്റിയുടെ നേഴ്സ് വേഷം അണിഞ്ഞു .

അയാൾ ചോദിച്ചു : ’ എന്ത് തരം സിനിമയാണ് ചെയ്യുന്നത് ? ’

അവൾ പറഞ്ഞു :” സമാധാന സന്ദേശമുള്ള ഒരു ചിത്രം .”

“ ഞാൻ വീണ്ടും കാണാൻ ആഗ്രഹിക്കുന്നു . ’

‘ ശരി .നാളെ ഇതേ സമയത്ത് . പക്ഷെ നാളെ ഞാൻ പാരീസിലേക്കു തിരികെ പോകും . ’

# ഫിലിം വിഷൻ

' വീണ്ടും കാണണമെന്നുണ്ട് . '

' അറിയില്ല . '

' പാരീസിൽ വെച്ചോ ? '

' ഒരു നിശ്ചയവുമില്ല . '

' എനിക്ക് കുറച്ചു ദിവസം എവിടെയായാലും എപ്പോഴായാലും നിന്നോടൊപ്പം കഴിയണം എന്ന് ആഗ്രഹിക്കുന്നു . '

' എനിക്കും '

അവൾ ഒരു ടാക്സിയിൽ ഷൂട്ടിങ് ലൊക്കേഷനിലേക്ക് പോയി .


ഷൂട്ട് ലൊക്കേഷനിൽ ഒരു പ്രതിഷേധ ജാഥ ചിത്രീകരിക്കുന്നു . ഹിരോഷിമയുടെ മാതൃക കാണാം . ആണവ ആയുധത്തിനെതിരെയുള്ള മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകൾ കയ്യിലേന്തിയവർ .പരുക്കേറ്റവർ ...ലൂ ലൊക്കേഷനിൽ എത്തുന്നു . എലെ റെഡ് ക്രോസ്സ് നേഴ്സ് വേഷത്തിലാണ് .

ലൂ ചോദിച്ചു :"ഫ്രഞ്ച് ഫിലിം ആണോ ? '

എലെ പറഞ്ഞു :" രാജ്യാന്തരം . സമാധാന സന്ദേശം ഉള്ളത് ...ഷൂട്ടിംഗ് ഉടനെ തീർക്കണം ...നാളെത്തന്നെ പോകും...'

'നീയെനിക്കു സ്നേഹിക്കാനുള്ള ആഗ്രഹം തന്നു ."

"ജീവിതം ഇപ്പോഴും ഹൃസ്വമാണ് ...ഇന്ന് രാത്രിയായാകും മുൻപ് കൊടുങ്കാറ്റ് ഉണ്ടാകുമെന്നാണ് അറിഞ്ഞത് . '



പ്രതിഷേധജാഥയുടെ ചിത്രീകരണം തുടരുകയാണ് .പ്ലക്കാര്ഡുകളിൽ ഇങ്ങനെ തെളി

ഞ്ഞു കാണുന്നു ...20 ,000 സാധാരണ ബോംബുകൾക്കു തുല്യമായ ഒരു ബോംബ് ... 1500 ആറ്റംബോംബുകൾക്കു തുല്യം ഒരു ഹൈഡ്രജൻ ബോംബ് ...ലോകത്തുണ്ടാക്കി വെച്ച 4000 ആറ്റം ബോംബുകളും ഹൈഡ്രജൻ ബോംബുകളും കൊണ്ട് എന്താണ് സംഭവിക്കുക ? ...അവ ശാസ്ത്രപ്രതിഭകൾക്കുള്ള സ്മരണാഞ്ജലിയാണ് ...മനുഷ്യന്റെ രാഷ്ട്രീയ ചിന്തകൾ നിർഭാഗ്യവശാൽ ശാസ്ത്രീയ പ്രതിഭയെക്കാൾ കുറഞ്ഞ നിലവാരത്തിലാണ് ...ആണവായുധ പരീക്ഷണങ്ങൾ അവസാനിപ്പിക്കുക ...

അയാൾ പറഞ്ഞു :" എനിക്ക് നീ നാളെ പോകുന്ന കാര്യം ചിന്തിക്കാനേ കഴിയുന്നില്ല . '

അവളുടെ മുഖത്ത് സങ്കടം നിറഞ്ഞു .

" ഞാൻ നിന്നെ സ്നേഹിക്കുന്നു '

പ്രതിഷേധജാഥ കാമറയെ കടന്നു പോകുന്നു . വ്യത്യസ്ത പ്രായത്തിലുള്ള ജപ്പാൻകാർ .

" നീ ഒരിക്കൽ കൂടി വരണം ."

ജാഥയിൽ ഉയർത്തിപ്പിടിച്ചിരുന്ന പൂക്കൂട തുറക്കുമ്പോൾ പൂക്കൾ പൊഴിയുന്നു . പ്രാവുകൾ പറക്കുന്നു .

ലൂ :" പറയൂ '

എലെ മുഖത്തു മൗനം .

" പറയാൻ ഭയമാണോ ? '

' ഇല്ല .'

അവർ ആൾക്കൂട്ടത്തിനിടയിലൂടെ നീങ്ങുന്നു .

ചിത്രീകരണം കഴിഞ്ഞു . അവർ ഹോട്ടൽ മുറിയിൽ എത്തി .

എലെ:" നിങ്ങൾ ഹിരോഷിമയിൽ ഒറ്റയ്ക്കാണോ ? '

ലൂ :" അതെ ."

"ഭാര്യ?"

" അവൾ ഉൻസൺ മലമ്പ്രദേശത്താണ് . ഞാൻ ഒറ്റയ്ക്കാണ് . '

' അവൾ എപ്പോൾ തിരിച്ചു വരും? '

' ഏതാനും ദിവസങ്ങൾക്കുള്ളിൽ!'

' ഭാര്യ കാണാനെങ്ങനെ ? '



' സുന്ദരി .അവളെ ഭാര്യയും കിട്ടിയതിൽ ഞാൻ സന്തോഷിക്കുന്നു . '

' ഞാൻ ഭർത്താവിനൊപ്പം സന്തോഷിക്കുന്ന സ്ത്രീയാണ് . '

' നമ്മുടേത് ഒരു പ്രഹസനമാണ് . '

ഫോൺ ശബ്ദിക്കാൻ തുടങ്ങി . അത് കാര്യമാക്കാതെ അവർ ആലിംഗനം ചെയ്തു.

അവരുടെ അവസാന രാത്രി .

ആ രാത്രിയിൽ അവർക്ക് എങ്ങനെ യാത്ര പറയണമെന്ന് അറിയില്ല.

രണ്ടു ദേശങ്ങളിൽ ഉള്ളവരെങ്കിലും അവർ ദേശ-വംശ വ്യത്യാസങ്ങൾക്ക് അതീതരാണ് .

യുദ്ധം അവരുടെ ബാല്യങ്ങളിൽ ഏൽപ്പിച്ച മുറിവുകൾ മനസ്സിൽ നീറുന്നുവെങ്കിലും പരസ്പരം അകലാൻ കഴിയാതെ കൂടുതൽ അടുക്കുന്നു .


യാത്രപറഞ്ഞു പിരിയുമ്പോഴും അവരുടെ ജീവിതത്തിലെ അകലം കുറഞ്ഞു കൊണ്ടിരുന്നു .

അയാൾക്ക് അവളെ പിരിയാനാവുന്നില്ല .

അവൾ ഹോട്ടൽ മുറിയിൽ നിന്നിറങ്ങി തെരുവിലൂടെ ഒറ്റയ്ക്ക് നടന്നു .

മനസ്സ് ശബ്ദിച്ചുകൊണ്ടിരുന്നു .

അവൾ ബസ് സ്റ്റാൻഡിലും കടകൾക്കു മുന്നിലും റെസ്റ്റോറന്റിലും ഒക്കെ തനി



യെ ഇരിക്കുമ്പോൾ അയാൾ അടുത്തെത്തുന്നുവെങ്കിലും പരസ്പ്പരം സംസാരിക്കുന്നില്ല .

അവർക്കു ഭൂതകാലം പ്രണയവും ദാമ്പത്യവും വിരഹവും ഒക്കെ സമ്മാനിച്ചിട്ടുണ്ട് .

ആ വഴിത്താരകൾ പിന്നിട്ട് ഏകാന്ത പഥികരെ പോലെ ജീവിക്കുമ്പോൾ ഇനിയും ഒരു വസന്തകാലം കാത്തുനിൽപ്പുണ്ടെന്ന് അവർക്കു പരസ്പ്പരം അറിയാം .

നേരം പുലർന്നപ്പോൾ അവൾ ഹോട്ടൽ മുറിയിലെത്തി .

അവസാന കൂടിക്കാഴ്ചയ്ക്ക് അയാൾ എത്തുമെന്ന് അവൾ പ്രതീക്ഷിച്ചു .

ഹിരോഷിമ വിട്ടുപോകേണ്ടതില്ലെന്നു ഒരു നിമിഷം തോന്നിയെങ്കിലും ജീവിതം മുന്നോട്ടു പോകേണ്ടതുണ്ടെന്നു തിരിച്ചറിഞ്ഞു.

അയാൾ വാതിൽക്കലെത്തി .

ഇപ്പോൾ അയാൾക്ക് പകരം അവളാണ് കൂടുതൽ വേദനിക്കുന്നത് .

തീരുമാനങ്ങൾ കടുപ്പമേറിയതാവുമ്പോൾ പ്രണയത്തിന്റെ തന്ത്രികൾ തേങ്ങും .

അത് കേൾക്കാൻ കഴിയുന്ന ഒരാളാണ് ജീവിത പങ്കാളി .

അയാൾ അവളെ ആശ്വസിപ്പിച്ചു.

പാരീസ് നഗരം അവൾക്കു പുതിയ ജീവിതത്തിന്റെ വാതിലുകൾ തുറക്കുമെന്ന് അയാൾ ധൈര്യപ്പെടുത്തി .

ചോദ്യങ്ങൾക്ക് ഉത്തരമില്ല.

മനുഷ്യബന്ധങ്ങൾക്കു അവർ പുതിയ നിർവചനം തേടുകയാണ്...

# ഫിലിം വിഷൻ




ഇരുപത്തി നാലാം വർഷത്തിലേക്ക് പ്രവേശിക്കുന്ന ഫിൽക്ക ഫിലിം സൊസൈറ്റി പ്രസാധനം ചെയ്ത, വിശ്വസിനിമയിൽ ഇന്ത്യയ്ക്ക് ആദ്യമായി ഇടം നൽകിയ, സത്യജിത് റായിയുടെ പഥേർ പാഞ്ജലി സിനിമയുടെ മലയാള തിരക്കഥ ആവിഷ്കാരം പതിമൂന്നാം പതിപ്പ് IFFK ആർടിസ്റ്റിക് ഡയറക്ടർ ദീപിക സുശീലൻ, കേരള ചലച്ചിത്ര അക്കാദമി സെക്രട്ടറി സി. അജോയ്, FFSI റീജിയണൽ സെക്രട്ടറി കെ. ജി. മോഹൻകുമാർ എന്നിവർ പ്രകാശനം ചെയ്യുന്നു. ഫിൽക്ക ജോയിന്റ് സെക്രട്ടറി ജോയി മുള്ളുകാട്ടിൽ, ഗ്രന്ഥകാരൻ സാബു ശങ്കർ, ട്രഷറർ വിനോദ്കുമാർ. പി. എന്നിവർ സമീപം. ടാഗോർ തീയേറ്റർ ഓപ്പൺ ഫോറത്തിൽ.

# ഫിലിം വിഷൻ

## ഫിൽക്ക പ്രൊജക്ടർ പാക്കേജ്




സ്കൂൾ, കോളെജ്, റസിഡന്റ് അസോസിയേഷനുകൾ, കലാ സാംസ്കാരിക സംഘടനകൾ, ചാരിറ്റബിൾ സംഘങ്ങൾ, ടൂറിസം ക്ലബുകൾ തുടങ്ങിയവയ്ക്ക് ഫിലിം പ്രദർശനം - സെമിനാർ നടത്തുവാൻ ഫിലിം , പുതിയ DLP പ്രൊജക്ടർ, ഓഡിയോ സിസ്റ്റം , i7 ലാപ്ടോപ് , ക്യാമറ
, എഡിറ്റിംഗ് എന്നിവ കുറഞ്ഞ നിരക്കിൽ ലഭിക്കുന്നു. പ്രൊജക്ഷൻ
- ക്യാമറ
- എഡിറ്റിംഗ് - റെക്കോർഡിംഗ്
ടീമിന്റെ സേവനവും ഉണ്ടായിരിക്കും . പ്രോജക്ട് ഫിലിം, സിഗ്നേച്ചർ ഫിലിം , കോർപറേറ്റ് ഫിലിം, ഷോർട്ട് ഫിലിം, ഡോക്യുമെന്ററി ഫിലിം എന്നിവ തയ്യാറാക്കാൻ സഹായിക്കുന്നു . ഫിലിം എഡിറ്റിങ് പഠിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്:

Filca Film Society 9539437067 Vinodkumar ( Treasurer),93878 22526 Joy Mullukattil (Joint Secretary )75111 50388 Vijayadas Pandit ( Executive) .

FILM VISION Monthly January 2023 Rs. 2/- RNI-KER BIL/2002/8043

| Memberhip | | Payment to : |
|---|---|---|
| Annual | : 300/- | Name : FILCA<br>A/C 5700 118 1947<br>State Bank of India<br>Branch : Poojappura<br>IFSC - SBIN 0070032 |
| Students | : 150/- | |
| Life-time | : 2000/- | |

*Please whatsApp payment image to 8089036090*


Reg.No.T-1665/1999
www.filca.in
Email : filcakerala@gmail.com
Ph.808906090

ഫിൽക ഫിലിം സൊസൈറ്റിയുടെ ധനശേഖരണാർത്ഥം പ്രസിദ്ധീകരിക്കുന്നത്......

മലയാളത്തിൽ ഏറ്റവും കൂടുതൽ പതിപ്പുകളുള്ള ചലച്ചിത്ര ഗ്രന്ഥം 13-ാം പതിപ്പ്

മുഖവില 250/- അംഗങ്ങൾക്ക് 200/-

ഓൺലൈനിൽ ലഭിക്കുവാൻ www.peerbey.com




Chief Editor - Dr.B.Radhakrishnan ./ Associate Editors - Joy Mullukattil, Vijayadas Pandit ./ DTP, Page setting, - Swabin Computers , Statue, Trivandrum/ Design - Shaji Cad. / Circulation- Vinodkumar. P./ PRO - Meril. P. /
Editor and Publisher- Sabu Sankar,
General Secretary, FILCA, PB 2224, Trivandrum-10. Kerala.